PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Thursday, the 19th March 1964

Vol. XVIII] OFFICIAL REPORT [No. 29

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 19th March 1964, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

റോഡ് ടാറിംഗ്

* 781. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ആകെ എത്ര മൈൽ റോഡ് ടാർചെയ്തു എന്നു പറയാമോ ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര മൈൽ വീതം ;

(സി) അടുത്ത സാമ്പത്തികവർഷത്തിൽ ആകെ എത്ര മൈൽ റോഡ് ടാർചെയ്യുവാനുദ്ദേശിക്കുന്നു ;

(ഡി) ഏറ്റവും കൂടുതൽ വാഹനഗതാഗതമുള്ള തൃശ്ശൂർ ജില്ലയിൽപ്പെട്ട കൊടകര–മറ്റത്തൂർ റോഡ് അടുത്ത വർഷത്തിൽ ടാർ ചെയ്യുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 119 മൈൽ 4 ഫർലോംഗ്.

		മൈൽ	ഫർലോംഗ്
(ബി)	തിരുവനന്തപുരം	17	4
	കൊല്ലം	18	6
	കോട്ടയം	18	5
	ആലപ്പുഴ	15	4
	എറണാകുളം	4	2
	തൃശ്ശൂർ	3	5
	പാലക്കാട്	4	7
	കോഴിക്കോട്	20	6
	കണ്ണൂർ	15	5
		119	4

2/1775/V:

LIBRARY ARCHIVES Kerala Legislative Assembly

(സി ഈ കാര്യം പരിഗണനയിൽ ഇരിക്കുന്നതേയുള്ള.

(ഡി) ധനദൗർലഭ്യംമൂലം സാധിക്കുകയില്ല.

മി. സ്പീക്കർ : ചോദ്യം 13-ന കൂടി ഉത്തരം പറയണം.

റോഡ് ടാറിംഗ്

* 782. [13] ശ്രീ. പി. കെ. അബ്ദുൽ കാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഡിസ്ട്രിക്റ്റ് റോഡുകളിൽ പ്രധാനപ്പെട്ട ഏതെല്ലാം റോഡുകളാണ് ടാറിടാതെ കിടപ്പുണ്ട് ;

(ബി) തൃശ്ശൂർ—അഴീക്കോട് ബസ്സ് ഓടുന്ന റോഡിൽ ഇനി എത്ര മൈൽ ടാറിടാതെ ബാക്കിയുണ്ട്;

(സി) പ്രസ്തുത ഭാഗം ഉടനടി ടാർ ഇടുന്നതിന് വേണ്ട നടപടികൾ ഉടനടി സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(ബി) നാല് (4) മൈൽ.

(സി) ധനദൗർലഭ്യംമൂലം ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പട്ടണത്തിലുള്ള ഈ റോഡ് ടാർചെയ്യാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതു് ബഡ്ഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള വക്കല്ല. അതുകൊണ്ടാണ് സാദ്ധ്യമാകുകയില്ലെന്നു് ഉത്തരം പറഞ്ഞതു്. ബഡ്ഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളതുതന്നെ പലതും ധനദൗർലഭ്യംമൂലം മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

ഡാക്ടർ കെ. എം. ചാക്കോ : വെങ്ങോല—പിറവൂർ റോഡ് വരുന്ന കൊല്ലം ടാർചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനു പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. എൻ മാസ്കരൻ നായർ : കോട്ടയം ജില്ലയിൽ ടാർചെയ്തിട്ടുള്ളതു് കോട്ടയം ടൗണിൽ മാത്രമാണെന്നറിയാമോ; ചങ്ങനാശ്ശേരിയിൽ ടാർചെയ്യുന്നതിനു് 1963 മുതൽ ബഡ്ഡറിൽ ഉൾക്കൊള്ളിച്ചിട്ട് ഇതുവരെ ചെയ്തില്ലെന്നുള്ളതു ശരിയല്ലേ ?

ശ്രീ. പി. പി. ഉമ്മർകോയ : കോട്ടയം ടൗണിൽ മാത്രമാണെന്നുള്ളതു് ശരിയല്ല. ചങ്ങനാശ്ശേരിയുടെ കാര്യം പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ് : എറണാകുളം ഡിസ്ട്രിക്റ്റിൽ 4 മൈൽ 2 ഫർലാംഗ് മാത്രമേ ടാർ ചെയ്തിട്ടുള്ള എന്നാണ് പറഞ്ഞതു്. മറ്റു ജില്ലകളെ അപേക്ഷിച്ചു് അതു കുറവായിട്ടാണ് കാണുന്നതു്. അതുകൊണ്ടു് കോതമംഗലം റോഡും കാക്കണ്ണശേരി കാളിയാർ റോഡും ടാർചെയ്യാൻ നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : ഇക്കാര്യത്തിനു ഡിസ്ട്രിക്റ്റുവാറായി എത്ര തുക നിശ്ചയിക്കാറുണ്ടോ ?

† Appendix I

LIBRARY ARCHIVES Kerala Legislative Assembly